<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1696</u> <u>11-09-2023 - ൽ മറുപടിയ്ക്ക്</u>

<u>പുരാതന ദാരുശില്പങ്ങളുടെയും കൊത്തുപണികളുടെയും സംരക്ഷണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ ഏതൊക്കെ ആരാധനാലയങ്ങളിൽ പുരാവസ്തു-പുരാരേഖ വകുപ്പ് നടത്തിയ പഠനങ്ങളിൽ കാലപ്പഴക്കമുള്ള പുരാവസ്തുക്കളും പുരാരേഖകളും കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ അനന്തപുരം ക്ഷേത്രം അതിന്റെ ചരിത്രപരവും പുരാവസ്തു പരവും കലാപരവുമായ സവിശേഷതകൾ കണക്കിലെടുത്ത് പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ട ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങളും ശിലാലിഖിതങ്ങളും ഇതിന്റെ പ്രത്യേകതയാണ്. സമയാസമയങ്ങളിൽ സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണ ജോലികൾ നടത്തി വരുന്നു.<br><br>കാസർഗോഡ് ജില്ലയിലെ കല്ല്യോട്ട് ശ്രീ ഭഗവതീ ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന താളിയോലകളും ഗ്രന്ഥങ്ങളും പുരാരേഖാ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത രേഖകൾ വകുപ്പിലെ മാനുസ്ക്രിപ്റ്റ് ട്രാൻസ്ലിറ്ററേറ്റർമാരുടെ സഹായത്തോടെ മൊഴിമാറ്റം നടത്തി പകർത്തി എഴുതി സൂക്ഷിക്കുന്നുണ്ട്. |
| (ബി) | ആയവ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിലെ അനന്തപുരം ക്ഷേത്രം അതിന്റെ ചരിത്രപരവും പുരാവസ്തു പരവും കലാപരവുമായ സവിശേഷതകൾ കണക്കിലെടുത്ത് പുരാവസ്തു വകുപ്പിന്റെ ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ട ക്ഷേത്രത്തിലെ ചുവർ ചിത്രങ്ങളും ശിലാലിഖിതങ്ങളും ഇതിന്റെ പ്രത്യേകതയാണ്. സമയാസമയങ്ങളിൽ സംരക്ഷിത സ്മാരകത്തിന്റെ സംരക്ഷണ ജോലികൾ നടത്തി വരുന്നു.<br><br>കാസർഗോഡ് ജില്ലയിലെ കല്ല്യോട്ട് ശ്രീ ഭഗവതീ ക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന താളിയോലകളും ഗ്രന്ഥങ്ങളും പുരാരേഖാ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത രേഖകൾ വകുപ്പിലെ മാനുസ്ക്രിപ്റ്റ് ട്രാൻസ്ലിറ്ററേറ്റർമാരുടെ സഹായത്തോടെ മൊഴിമാറ്റം നടത്തി പകർത്തി എഴുതി സൂക്ഷിക്കുന്നുണ്ട്. |
| (സി) | മടിയൻ ക്ഷേത്രപാലക ക്ഷേത്രത്തിലെ പുരാതന | (സി) | കാസർഗോഡ് ജില്ലയിലെ മടിയൻകൂലോം ക്ഷേത്ര |

| | | | | |
|---|---|---|---|---|
| | ദാരുശില്പങ്ങളും കൊത്തുപണികളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | | പാലക ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിലേക്കായി കരട് വിജ്ഞാപനം സർക്കാരിൽ ലഭിച്ചിരുന്നു. എന്നാൽ ജില്ലാ കളക്ടർ നൽകിയ സർവ്വെ നമ്പരിലെ വ്യത്യാസം കാരണം ഇക്കാര്യത്തിൽ വ്യക്തത വരുത്തി പ്രാഥമിക വിജ്ഞാപനത്തിന്റെ കരട് സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭിച്ചാലേ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ